

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റ® ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പ® : KSA/ALP/P7/1199/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 09/11/2023
ഇ-മെയി® : ddhglfalpy@gmail.com
ഫോ® : 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത്

സ® ,

വിഷയം : മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥക® പ്രകാരം മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വ® ഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോ® ട്ട് 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടം 23(1)® നി® ദ്ദേശിക്കുന്ന പ്രകാരമുള്ള തുട® നടപടിക® ക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോ® ട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോ® ട്ട് കൈപ്പറ്റിയാലുട® ഇതി® പരാമ® ശിക്കുന്ന ക്രമക്കേടുക® ക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പക® പ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോ® ട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോ® ട്ട് വിശദമായി ച® ച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോ® ട്ടിന്റെയും അതിന്മേ® എടുത്ത തീരുമാനത്തിന്റെയും പക® പ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോ® ട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതി® ഉ® പ്പെടുന്ന ഓഡിറ്റ് പരാമ® ശങ്ങ® /തടസ്സങ്ങ® ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോ® ട്ട് പ്രസ്തുത കാലയളവിനുള്ളി® ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം സെക്ഷ® 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത്

രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പക®പ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പ® : KSA/ALP/P7/1199/2023

തീയ്യതി: 09/11/2023

ആലപ്പുഴ ജില്ലയിലെ മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വ® ഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുത® 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളി® നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റി® കണ്ടെത്തിയ അപാകതക® അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയി® പ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുക® ന® കിയതി® 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോ® ട്ടി® ഉ® പ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളി® ന്മേലുള്ള തുട® നടപടിക® സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തി® നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോ® ട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം ന® കിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തി® തയ്യാറാക്കി ഈ റിപ്പോ® ട്ടി® ഉ® പ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തി® മറ്റൊരു ഓഡിറ്റ് ഏജ® സി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ആർ.രാജീവ്	ഡെപ്യൂട്ടി ഡയറക്ടർ	07-09-2023	16-09-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
07-09-2023	16-09-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മിനി.പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി സിന്ധ്യ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മനേഷ് കുമാർ ജി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഉണ്ണികൃഷ്ണൻ സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ഡോ.കെ.മോഹൻ കുമാർ	പ്രസിഡന്റ്	01-04-2022	31-03-2023
എം.കെ.സിനി	സെക്രട്ടറി	01-04-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	ത (
ശ്രീ.ആർ.ജയരാജ്	അസി.എഞ്ചിനിയർ	01-04-2022	
ശ്രീ.രാജു.എസ്സ്	കൃഷി ഓഫിസർ	01-04-2022	
ഡോ.ഗംഗ	മെഡിക്കൽ ഓഫിസർ(ആയുർവേദം)	01-04-2022	
ഡോ.ഷബാന എ	മെഡിക്കൽ ഓഫിസർ(ഹോമിയോ)	01-04-2022	
ശ്രീ.ഓമനക്കുട്ടൻ	ഹെഡ്മാസ്റ്റർ	01-04-2022	
ശ്രീമതി.ഹാഷിറ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	
ഡോ.ഗോപാലകൃഷ്ണൻ	വെറ്ററിനറി സർജൻ	01-04-2022	

ഡോ.ഡാനിയൽ കോശി	വെറ്ററിനറി സർജൻ	11-08-2022	
ശ്രീമതി.എം.ഡി.ദീപ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	
ശ്രീമതി.ജ്യോതി.എസ്സ്	അസിസ്റ്റന്റ് സെക്രട്ടറി	04-11-2022	
ഡോ.ജയകുമാർ	മെഡിക്കൽ ഓഫിസർ(സി.എച്ച്.സി)	01-04-2022	
ഡോ.സാബു സുഗതൻ	മെഡിക്കൽ ഓഫിസർ(സി.എച്ച്.സി	22-10-2022	
ശ്രീമതി.സുനിത ക്ഷപാകരൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2022	
ശ്രീമതി. അനു.സി	വി.ഇ.ഒ,കുറത്തികാട് സർക്കിൾ	01-04-2022	
ശ്രീ.ഗിരീഷ്. എസ്സ്	വി.ഇ.ഒ, പല്ലാരിമംഗലം സർക്കിൾ	01-04-2022	
ശ്രീ.ജോൺ ഫിലിപ്പ്	വി.ഇ.ഒ, പല്ലാരിമംഗലം സർക്കിൾ	11-08-2022	
ശ്രീ.വികാസ് ജേക്കബ്	വി.ഇ.ഒ, പല്ലാരിമംഗലം സർക്കിൾ	18-08-2022	

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അസറ്റ് വാല്യുവിൽ അധികമായി മൂല്യ ശോഷണം രേഖപ്പെടുത്തിയിരിക്കുന്നു	1-1-1
3	ലോണിനത്തിൽ അധികമടച്ച തുക ബാലൻസ് ഷീറ്റ് അസറ്റ് ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-2
4	തനത്ഫണ്ടിനത്തിലുള്ള ഓഡിറ്റ് റിക്കവറി ബാലൻസ് ഷീറ്റിലെ ലയബിലിറ്റി ഹെഡിൽ ഉൾപ്പെടുത്തി	1-1-3
5	വസ്തു നികുതിയിനത്തിൽ കുടിശ്ശികയുള്ള 30326 രൂപയുടെ കണക്ക് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-4
6	റെന്റിനത്തിൽ കുടിശ്ശികയുള്ള 61008/- രൂപ ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടില്ല	1-1-5
7	വസ്തു നികുതി സഞ്ചയയിലെ കണക്കും, വാർഷിക കണക്കിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-6
8	ഇടപാടില്ലാത്ത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടില്ല	1-1-7
9	ബജറ്റ്	1-2
10	സാമ്പത്തിക വിശകലനം	1-3
11	ഫണ്ട് വിനിയോഗം	1-4
12	പദ്ധതി അവലോകനം	1-5
13	തൊഴിലുറപ്പ് പദ്ധതി	1-6
14	ക്ഷേമ പദ്ധതികൾ	1-7
15	ക്യാഷ് വെരിഫിക്കേഷൻ	1-8
16	ആഭ്യന്തര നിയന്ത്രണം	1-9
17	ടാക്സ് ഓഡിറ്റ്- അവലോകനം	1-10
18	ഓഡിറ്റ് ഇംപാക്റ്റ്- വസ്തുനികുതി കുടിശ്ശികയിനത്തിൽ 59804 രൂപയുടെ വരവ്	1-11

19	വസ്തുനികുതി ഇളവ് നേടിയ ശേഷം ഉടമ വരുത്തുന്ന തറവിസ്തൃതിയിലുള്ള മാറ്റം- ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.	1-12
20	ഗ്രാമപഞ്ചായത്ത് ഭൂമിയിലുള്ള അനധികൃത കൈയ്യേറ്റം - നടപടികൾ സ്വീകരിച്ചിട്ടില്ല	1-13
21	പാർപ്പിടാവശ്യ കെട്ടിടങ്ങൾ ഉപയോഗക്രമം മാറ്റാതെ മറ്റ് സംസ്ഥാന തൊഴിലാളികൾക്കുള്ള ലോഡ്ജിംഗ് കെട്ടിടങ്ങളായി പ്രവർത്തിക്കുന്നു- തനതുവരുമാന നഷ്ടമാകുന്നതിനപ്പുറം സുരക്ഷാപ്രശ്നങ്ങളും	1-14
22	മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല	1-15
23	വസ്തുനികുതി-റോഡ് വിസ്തൃതി പരിഗണിക്കാതെ വസ്തുനികുതി നിർണ്ണയിച്ചു	1-16
24	പുതിയതായി നിർമ്മിക്കപ്പെട്ട വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ വസ്തുനികുതി ചുമത്തിയില്ല	1-17
25	ദിവസവേതന അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല	1-18
26	ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ചുമത്തൽ- അപാകതകൾ	1-19
27	തൊഴിൽ നികുതി- എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തണം	1-20
28	ലൈസൻസ് സംബന്ധമായ അപാകതകൾ	1-21
29	വാടക സംബന്ധമായ പൊതു അപാകതകൾ	1-22
30	പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നടത്തുകയും പുതുക്കുകയും ചെയ്യുന്നില്ല	1-23
31	തനത് ഫണ്ടിൽ നിന്നുള്ള തുക ഫിക്സഡ് നിക്ഷേപമാക്കുന്നത് പരിഗണിക്കണം	1-24
32	ഗെയിംസ് ഫെസ്റ്റിവൽ-സബ്സിഡി നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ച് 9300/-	1-25

	രൂപ അധികമായി ചെലവഴിച്ചു	
33	ഹരിത കർമ്മസേനയ്ക്ക് ഇലക്ട്രിക്ക് ഓട്ടോ - റീ ഫണ്ട് ചെയ്ത തുക,സർക്കാരിലേക്ക് തിരിച്ചടച്ചില്ല, വാഹനം ഉപയോഗപ്രദമാക്കിയിട്ടില്ല	1-26
34	കൂടിയ നിരക്കിൽ ജി.എസ്.ടി ഉൾപ്പെടുത്തി ബിൽ തയ്യാറാക്കി- കരാറുകാരന് തുക അധികം നൽകി	1-27
35	വാഴയിൽ കുടിവെള്ള പദ്ധതി- അനുബന്ധപ്രവർത്തനങ്ങൾക്കായി നല്കിയ പണം വിനിയോഗിക്കപ്പെട്ടില്ല	1-28
36	കുറത്തികാട് എൽ.പി.എസ്സിന് ചുറ്റുമതിൽ- വകമാറ്റി ചെലവഴിച്ചു	1-29
37	ഗ്രാമപഞ്ചായത്ത് വാങ്ങിയ ഭൂമി പോക്ക് വരവ് നടത്തി, ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തണം	1-30
38	സോളാർ പാനൽ സ്ഥാപിക്കൽ- വിനിയോഗവിവരങ്ങളില്ല-തുടർ നിരീക്ഷണം നടത്തണം	1-31
39	റോഡ് കണക്ടിവിറ്റി മാപ്പ്-ട്രാക്കിംഗ് വർക്കുകൾ പൂർത്തീകരിച്ചില്ല	1-32
40	പോസ്റ്റ് ഷിഫ്റ്റിംഗ് - വിനിയോഗവിവരങ്ങളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു	1-33
41	പട്ടിക വർഗ്ഗ വിഭാഗം അധിവസിക്കുന്ന പഞ്ചായത്തിൽ, അവർക്കായി പദ്ധതികൾ ഇല്ല	1-34
42	പുറമ്പോക്ക് കൈയ്യേറ്റം -തുടർ നടപടികൾ സ്വീകരിച്ചില്ല	1-35
43	സർക്കാരിന്റെ പ്രത്യേക അനുവാദം കൂടാതെ ഭക്ഷണ വിതരണത്തിനായി പദ്ധതി	1-36
44	തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ വർക്കിൽനിന്ന് ജി.എസ്.ടി ഈടാക്കിയില്ല	1-37
45	ലൈഫ് Kurdfc ലോൺ സോഴ്സിൽ നിന്നുള്ള കിഴിക്കൽ ഗ്രാമപഞ്ചായത്തിന്റെ ആകെ ലോൺ ബാധ്യതയെ മറികടന്നു	1-38

46	താൽക്കാലിക നിയമനം -നടപടിക്രമങ്ങൾ പാലിക്കുന്നില്ല	1-39
47	റെസ്റ്റോറേഷൻ ചാർജ്ജസ് ഫോർ റോഡ് കട്ടിംഗ്-ജി.എസ്.ടി പ്രത്യേകമായി അക്കൗണ്ട് ചെയ്ത് അടക്കുന്നില്ല	1-40
48	മരുന്ന് പൂർണമായും ലഭിച്ചിട്ടില്ല	1-41
49	ലൈഫ് അവലോകനം	1-42
50	അഗതി രഹിത കേരളം പദ്ധതി - അവലോകനം	1-43
51	ഹരിതകർമ്മ സേന-സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം-പ്രവർത്തനഅവലോകനം	1-44
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	ഗെയിംസ് ഫെസ്റ്റിവൽ-സർക്കാർ നിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിച്ച് തുക ചെലവഴിച്ചു	3-1
2	കൂടിയ നിരക്കിൽ ജി.എസ്സ്.ടി ഉൾപ്പെടുത്തി ബിൽ തയ്യാറാക്കി-കരാറുകാരന് തുക അധികം നൽകി	3-2
ഭാഗം 4		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിശദാംശം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ/വായ്പാ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-10

അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായ (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, ന ഗവൺമെന്റ്, കേന്ദ്രഗവൺമെന്റ്, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കൽ നിർ അനുസരിച്ച് 20-07-23 ലെ 2(1) നമ്പർ കമ്മറ്റി തീരുമാനപ്രകാരം തയ്യാറാക്കി 1 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ട മാവേലിക്കര ത ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസിപ്റ്റ് & പ സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.2023 വരെയുള്ള ബ ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്ക തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദി ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അ പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദ C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡ മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണ ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതു ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാന എസ്റ്റി വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടേയും വിശദീകരണ അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഭാഗമായി എനിക വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലും അനുബന്ധ റി എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ച കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി മാവേലിക്കര ത ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്ത സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെ കുറിച്ചും സത്യസന്ധവും ന്യാ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി

1-1-1 അസറ്റ് വാല്യുവിൽ അധികമായി മൂല്യ ശോഷണം രേഖപ്പെടുത്തിയിരിക്കുന്നു

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി- 11 പ്രകാരം വാഹനങ്ങളുടെ അസറ്റ് വാല്യു 681047. ഈ ഇനത്തിലെ ഡിപ്രീസിയേഷൻ -894307/- രൂപയാണ്. ഇവിടെ അസറ്റ് വ അധികമായി മൂല്യ ശോഷണം രേഖപ്പെടുത്തിയിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി നം 18/14-09-23 ന് നൽകിയ മറുപടിയിൽ അസറ്റ് വാല്യുവിൽ അധി ഡിപ്രീസിയേഷൻ തുക 2023-24 ലെ ബാലൻസ് ഷീറ്റിൽ ക്രമപ്പെടുത്തുന്നത അറിയിച്ചിട്ടുണ്ട്.

1-1-2 ലോണിനത്തിൽ അധികമടച്ച തുക ബാലൻസ് ഷീറ്റ് അസറ്റ് ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല

ലോൺ തുക തിരികെ അടച്ചതിൽ 308161/- രൂപ അധികമായി തിരിച്ചടച്ചിട്ടുണ്ട്. വാർഷിക കണക്കിൽ ബാലൻസ് ഷീറ്റിൽ കിട്ടാനുള്ള തുകയായി ഉൾപ്പെടുത്തിയിട്ട് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/14-09-23 ന് നൽകിയ മറുപടിയി 24 ലെ ബാലൻസ് ഷീറ്റിൽ ടി അപാകത ക്രമപ്പെടുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയ

1-1-3 തനത്ഫണ്ടിനത്തിലുള്ള ഓഡിറ്റ് റിക്കവറി ബാലൻസ് ഷീറ്റിലെ ലയബിലിറ്റി ഹെ ഉൾപ്പെടുത്തി

2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് റിക്കവറിയ വരവ് വന്ന 7300/- രൂപ തനതുഫണ്ടിൽ നിന്നുള്ള ചെലവിന്റെയടിസ്ഥാനത്തിലു പഞ്ചായത്തിന്റെ ലയബിലിറ്റി ആകാത്ത സാഹചര്യത്തിൽ ടി തുക ബാലൻസ് ലയബിലിറ്റി ഹെഡിൽ നിന്ന് മാറ്റേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എ നം 18/14-09-23 ന് ബാലൻസ് ഷീറ്റിലെ ലയബിലിറ്റി ഹെഡിൽ നിന്നും ടി തുക മാ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-1-4 വസ്തു നികുതിയിനത്തിൽ കുടിശ്ശികയുള്ള 30326 രൂപയുടെ കണക്ക് ബാലൻസ് ഷ ഉൾപ്പെടുത്തിയിട്ടില്ല

വസ്തു നികുതിയിനത്തിൽ കുടിശ്ശികയുള്ളതും ആർ. ആർ. നടപടി സ്വീകരിച്ചിട്ടുള്ളതുമാ രൂപയുടെ കണക്ക് ബാലൻസ് ഷീറ്റിൽ നിന്ന് ഒഴിവാക്കി. യഥാർത്ഥത്തിൽ പഞ്ച ലഭിക്കാനുള്ള തുക ആണെന്നിരിക്കെ ആർ. ആർ. നടപടി സ്വീകരിച്ചുവെന്നതിനാ ബാലൻസ് ഷീറ്റിൽ നിന്ന് ഒഴിവാക്കാൻ സാധിക്കില്ല. ഇത് സംബന്ധിച്ച് നൽകിയ

എൻക്വയറി നം. 18/14-09-23 ന് ടി തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്താൻ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

1-1-5 റെന്റിനത്തിൽ കുടിശ്ശികയുള്ള 61008/- രൂപ ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടില്ല

റെന്റിനത്തിൽ തൻവർഷത്തെ കുടിശ്ശികയായ 61008/- രൂപ ബാലൻസ് ഷീറ്റിൽ കാണ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/14-09-23 ന് നൽകിയ മറുപട തുക 2023-24 ലെ ബാലൻസ് ഷീറ്റിൽ ക്രമപ്പെടുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ട

1-1-6 വസ്തു നികുതി സഞ്ചയയിലെ കണക്കും, വാർഷിക കണക്കിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതി സഞ്ചയയിലെ കണക്കും, വാർഷിക കണക്കിലെ തുകയും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

	സഞ്ചയ(ബുക്ക് അഡ്ജസ്റ്റ്മെന്റ് ഉൾപ്പെടെ)	വാർഷിക കണക്ക്	വ്യത്യാസം
ഡിമാന്റ് തുക	6355864	6355338	526
കളക്ഷൻ	6355864	6355338	526

വ്യത്യാസം ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-1-7 ഇടപാടില്ലാത്ത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടില്ല

ബാങ്ക് അക്കൗണ്ട് നം. 799011400006342 (Covid Cfltc) നിലവിൽ ഇടപാടില്ലാത അക്കൗണ്ട് ആണ്. ടി അക്കൗണ്ട് ക്ലോസ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 24-03-2022 തീയതിയിലെ 1-ാം നമ്പർ തീരുമാ അംഗീകരിച്ചു. പിന്നീട് തൻ വർഷത്തെ ബജറ്റ് പരിഷ്കരിക്കുകയും 07-03-2023 ലെ 2(1) പ്രകാരം അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ ബജറ്റിന്റെ വിശദാംശങ്ങ ചേർക്കുന്നു.

	വരവ്	ചെലവ്
ബജറ്റ് പ്രകാരം	313061257	310147288
വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെന്റിച്ചർ)	182502409	197973187

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	49331737
വരവ്	48087438
ആകെ	97419175

ചെലവ്	49066020
നീക്കിയിരിപ്പ്	48353155

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	ഉറവിടത്തിൽ കുറവ് ചെയ്ത തുക	വരവ്	ആകെ	ചെലവ്	നീക്കിയിരി ലാപ്സായ തു
വികസന ഫണ്ട് (ജനറൽ)		2171764	23142236	25314000	23074516	2239484
വികസനഫണ്ട് (എസ്.സി.പി)		1774873	12427127	14202000	14188324	13676
വികസനഫണ്ട് (ടി.എസ്.പി)			0	0	0	
മെയിന്റനൻസ് ഫണ്ട് - റോഡ്			14961000	14961000	12469898	2491102
മെയിന്റനൻസ് ഫണ്ട് - നോൺ റോഡ്			6531000	6531000	6531000	
സിഎഫ് സി ഗ്രാന്റ് (ടൈഡ്) ട്രഷറി			1219486	1219486	1204086	15400
സിഎഫ് സി ഗ്രാന്റ് (ടൈഡ്) ബാങ്ക്	875377		5264000	6139377	4899680	1239697
സിഎഫ് സി ഗ്രാന്റ് (അൺ ടൈഡ്) ട്രഷറി			658855	658855	570483	88372

ഫണ്ടിനം	മുന്നിരിപ്പ്	ഉറവിടത്തിൽ കുറവ് ചെയ്ത തുക	വരവ്	ആകെ	ചെലവ്	നീക്കിയിരി ലാപ്സായ തു
സിഎഫ് സി ഗ്രാന്റ് (അൺ ടൈഡ്) ബാങ്ക്	41604		3509000	3550604	3509000	41604

1-5 പദ്ധതി അവലോകനം

2022-23 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കി യത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീ ശതമാന
213	178889701	152	96203157	59	2	71.36%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	71082	1066289	1137371	521295	616076
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്		20371466	20371466	20371466	
ആകെ	71082	21437755	21508837	20892761	616076

1-7 ക്ഷേമ പദ്ധതികൾ

ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽ രഹിത വേതനം	147480	108
കർഷക തൊഴിലാളി പെൻഷൻ	6729800	663
വിധവ പെൻഷൻ	15106200	1462
വാർദ്ധക്യകാല പെൻഷൻ	36593200	3775
വികലാംഗ പെൻഷൻ	4166000	406
അവിവാഹിത പെൻഷൻ	779800	73
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	60000	2

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 15.09.2023 തീയതിയിൽ 03:00 P.M സമയത്ത് സെക്രട്ടറിയുടെ സാന്നി നടത്തുകയുണ്ടായി. പരിശോധനയിൽ 21446/-രൂപയുടെ ക്യാഷ് ബാലൻസ് ബോധ്യപ്പെ

1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന ചേർക്കുന്ന അപാകതകൾ കൂടി പരിഹരിക്കേണ്ടതാണ്.

*പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങളുടെ പുരോഗതി യഥാസമയങ്ങളിൽ വിലയിരുത്തപ്പെ സ്വീകരിക്കുന്ന നടപടികളുടെ വിവരങ്ങൾ മിനിട്സിൽ ഉൾപ്പെടുത്തേണ്ടതുമാണ്.
*നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോ ഫലപ്രാപ്തിയും വിശദീകരിക്കുന്ന മോണിട്ടറിംഗ് റിപ്പോർട്ട് പ്രോജക്ട് ഫയലുക സൂക്ഷിച്ചിട്ടില്ല.
*പദ്ധതി നടത്തിപ്പിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാതിരുന അധികചെലവുണ്ടായിട്ടുണ്ട്.

*പഞ്ചായത്ത് തൻവർഷം സൃഷ്ടിക്കപ്പെട്ട പുതിയ ആസ്തിയുടെ വിശദാംശങ്ങൾ ആസ്തി ര ചേർത്ത് കാലികമാക്കിയിട്ടില്ല.
*റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.

അപാകതകൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുന്നതിലേക്ക സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

1-10 ടാക്സ് ഓഡിറ്റ്- അവലോകനം

ഗ്രാമപഞ്ചായത്തുകളുടെ പ്രധാന നികുതി വരുമാനങ്ങൾ വസ്തുനികുതി, തൊഴിൽ വിനോദനികുതി എന്നിവയാണ്. ഏറ്റവും വലിയ തനത് വരുമാന ഇനമായ വ നിയമാനുസൃത ഒഴിവുകളില്ലാത്ത എല്ലാ പാർപ്പിടാവശ്യ കെട്ടിടങ്ങളിൽ നിന്നും പാർ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കുന്ന (കേരള പഞ്ചായത്ത് രാജ് നിയ രണ്ടാമത്തെ വലിയ തനത് വരുമാന ഇനമായ തൊഴിൽ നികുതി ജീവനക്കാർ, വ്യവസായം എന്നിവ നടത്തുന്നവർ, പ്രൊഫഷണൽസ്, സ്ഥാപനങ്ങൾ എന്നീ ഇനങ്ങ നിയമപ്രകാരം ഈടാക്കാം (കേരള പഞ്ചായത്ത് രാജ് നിയമം 204). സിനിമ ഉൾപ്പെ വിനോദപരിപാടികളുടെ ടിക്കറ്റ് നിരക്ക് അടിസ്ഥാനപ്പെടുത്തി വിനോദം നൽകുന്ന നൽകുന്ന ജി.എസ്.ടി റിട്ടേണുകളെ ആസ്പദമാക്കിയാണ് വിനോദ നികുതി ഗ്രാമപഞ്ചാ സ്വീകരിക്കുന്നത്.

ആറാമത് ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാ വിഭവസമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകി ഒരു ടാക്സ് ഓഡിറ്റ് നടത്ത നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ നികുതി, വസ്തുനികുതി എന്നിവയിലെ ഡിമാൻഡുകൾ പൂർണ്ണമല്ല എന്ന് വ്യ ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് ടാക്സ് ഇവേഷനും നികുതി ശോഷണത്തിനും ഇട നികുതി നികുതിയേതര വരുമാനങ്ങളെ സംബന്ധിക്കുന്ന നിരീക്ഷണങ്ങൾ ചുവടെ ചേർക്ക നികുതിയേതരവരുമാന മേഖലകളിൽ കെട്ടിടനിർമ്മാണ പെർമ്മിറ്റ് ഫീസ്, ലൈസൻസുകളുടെ ഫീസ്, രജിസ്ട്രേഷൻ ഫീസുകൾ, തനത് ആസ്തികളിൽ നിന്നുള്ള

(ലേലം, വാടക, തറ വാടക, യൂസർ ഫീസ് മുതലായവ) എന്നിവ ഉ
ഗ്രാമപഞ്ചായത്തുകളുടെ വരുമാന മേഖലകൾ പൊതുവിലും മാവേലിക്കര-തെ
ഗ്രാമപഞ്ചായത്തിലെ സാഹചര്യങ്ങൾ പ്രത്യേകിച്ചും അവലോകനം ചെയ്ത് തയ്യാറാക്കിയ
ചുവടെ ചേർക്കുന്നു.

1) പുതിയ തനതുവരുമാന മേഖലകൾ:

പുതിയ തനതുവരുമാന മേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒന്നുംതന്നെ ധനകാ
സമിതിയുടെയോ പഞ്ചായത്ത് സമിതിയുടെയോ തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ച
സ്വന്തമായി സ്ഥലമുള്ള ഭാഗം വാണിജ്യപരമായി പ്രാധാന്യമുള്ളതെങ്കിൽ, അവ
കടമുറികൾ നിർമ്മിച്ച് തനത് വാടകവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സ
ഭാഗത്തുനിന്നുണ്ടായിട്ടില്ല. വാണിജ്യപരമായി പ്രാധാന്യം ഉള്ള സ്ഥലങ്ങളിൽ കെട്ട
സ്ഥലങ്ങളോ ഒഴിഞ്ഞ് കിടക്കുന്നുണ്ടോയെന്ന് പരിശോധന വിധേയമാക്കേണ്ടതാണ്.

പുതിയതായി ആരംഭിക്കുന്ന സ്ഥാപനങ്ങൾ/പഞ്ചായത്തിന്റെ നികുതി സംബ
ഡാറ്റാബേസിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾ എന്നിവ സംബന്ധിക്കുന്ന ചർച്ചകൾ
സ്ഥിരം സമിതിയിൽ ഉണ്ടായിട്ടില്ല. ക്ലിനിക്കൽ ലബോറട്ടറികളിലെ ജീവനക്കാർ,
പണമിടപാട് സ്ഥാപനങ്ങൾ എന്നിവയെല്ലാം നികുതി ശൃംഖലക്ക് പുറത്താണ്.

2)തനത് വരുമാനങ്ങൾ നിശ്ചിതസമയത്തിനുള്ളിൽ പിരിച്ചെടുക്കുന്നതിന് പഞ്ചായത്ത് നടപടികൾ:

തൊഴിൽ നികുതി സംബന്ധിക്കുന്ന ഡിമാൻഡിൽ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടു
കാരണം കുടിശ്ശിക ഉണ്ടായിട്ടും കുടിശ്ശിക സംബന്ധിക്കുന്ന വിവരങ്ങൾ വാർഷിക കണ
ഉൾപ്പെടാത്ത സാഹചര്യമുണ്ട്. തൊഴിൽ നികുതിയുടെ ഡിമാൻഡ് പൂർ
സാഹചര്യമാണുള്ളത്.(ഖണ്ഡിക 1-19 കണ്ടാലും)

3)ചട്ടവിരുദ്ധമായി സ്ഥലം കെട്ടിയടച്ച് നിർമ്മാണം നടത്തുന്നവർക്കെതിരെ സ്വീകരിക്കുന്നില്ല/ അനധികൃത നിർമ്മിതികൾക്ക് വസ്തുനികുതി ചുമത്തുന്നില്ല

ചട്ടവിരുദ്ധമായി തുറസ്സായ സ്ഥലം കെട്ടിയടച്ച് നിർമ്മാണം നടത്തുന്നവർ, ലീക്ക് പ്രൂ
വ്യാജേന കെട്ടിടത്തിന് അധിക നിലനിർമ്മിച്ച് വിവിധങ്ങളായ ആവശ
ഉപയോഗിക്കുന്നവർ എന്നിവരെ കണ്ടെത്തി, പട്ടിക തയ്യാറാക്കി നടപടികൾ സ്വീകരിക
പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. അനധികൃത അധിക നിർമ്മിതികളെ തിരിച്ചറിഞ്ഞ് ന
സ്വീകരിക്കാത്തത്, ക്രമവൽക്കരിക്കാവുന്ന കെട്ടിടങ്ങളിൽ നിന്നും പഞ്ചായത്തിന് ലഭിക്കേ
വസ്തുനികുതി നഷ്ടമാക്കുന്നുണ്ട്. വളരെക്കുറച്ച് കെട്ടിടങ്ങൾ മാത്രമാണ് അനധികൃതമായുള്ള
നിലയിലാണ് സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വ
നിർണ്ണയത്തിനായി അപേക്ഷ സമർപ്പിക്കുന്നവർ, അപാകം മൂലം മടക്കി അയക്കപ്പെട്ടാത
ഗ്രാമപഞ്ചായത്തിലേക്ക് വരാത്ത സാഹചര്യമുണ്ട്. ഇങ്ങനെയുള്ള കെട്ടിടങ്ങൾ കണ്ടെത്ത
ചുമത്തുന്നതിന്(UA) ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്

4) പ്രൊഫഷണലുകളിൽ നിന്നുള്ള തൊഴിൽ നികുതി വരുമാനം ഡിമാൻഡ് ചെയ്യുന്നില്ല:

നിയമാനുസൃതം സ്വയം തൊഴിലെടുക്കുന്ന (പ്രൊഫഷണൽസ്) ഡോക്ടർമാർ, അഭി
ആർക്കിടെക്ട്, ടാക്സ് പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൌണ്ടന്റ്, ഇൻഷുറൻസ് ഏ
പൊതുമരാമത്ത് കോൺട്രാക്ടർമാർ തുടങ്ങിയ ഒരു വലിയവിഭാഗം തൊഴിൽ നികുതി ചു
നിന്നും ഒഴിവാക്കപ്പെടുന്നു. മതിയായ വിവര അടിത്തറയുടെ അഭാവമാണ് പ്രധാന

മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്തിലെ 2022-23 ലെ വാർഷികകണ അടിസ്ഥാനപ്പെടുത്തിയാൽ ഈ ഇനത്തിൽ ഒരാളിൽ നിന്നുപോലും ഗ്രാമപഞ്ചായത്ത് നികുതി ഈടാക്കിയിട്ടില്ലായെന്നത് വ്യക്തമാണ്.

5) തൊഴിൽ നികുതി ഈടാക്കുന്നതിന് സോഫ്റ്റ് വെയർ അധിഷ്ഠിത സംവിധാനം ഏർപ്പെടു സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്:

വളരെ എളുപ്പത്തിൽ ചെയ്യാവുന്ന തൊഴിൽ നികുതിയുടെ ഡേറ്റാബേസ് നാളി ഡിജിറ്റലൈസ് ചെയ്തിട്ടില്ല. സ്ഥാപനങ്ങൾക്ക് പെർമനന്റ് നമ്പർ നൽകികൊണ്ട് തൊഴി വിവരങ്ങടിത്തറ ഡിജിറ്റലൈസ് ചെയ്യുന്നതിന് IKM മുഖാന്തിരം സർക്കാ ആവശ്യപ്പെടാവുന്നതാണ്. തൊഴിൽ നികുതിയിലെ വരുമാനനഷ്ടം ഒരളവുവരെ ഇ പരിഹരിക്കാവുന്നതാണ്.

6) **വസ്തുനികുതി നിർണ്ണയം പൂർണ്ണമായി വാർഷിക ഓഡിറ്റിനൊപ്പം പരിശോധിക്കപ്പെടാതെ സാഹചര്യം നിലവിലുണ്ട്:**

നിലവിലെ സാഹചര്യത്തിൽ പരിമിതമായ മനുഷ്യദിനങ്ങളിൽ വസ്തുനികുതി നി പൂർണ്ണമായും പരിശോധിക്കപ്പെടാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ഗ്രാമപഞ്ചാ ലഭിക്കേണ്ട ഒരോ രൂപയും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ വർഷവും വസ്തുനികുതി നിർണ്ണയം നടത്തുന്ന മുഴുവൻ ഫയലുകളും ഓഡിറ്റിന് വിധേയമാക്കേ സംശയദൂരീകരണത്തിനായി സ്ഥലപരിശോധന ഉൾപ്പെടെയുള്ള കാര്യങ്ങൾ നടത്തേ അനിവാര്യമാണ്. ഗ്രാമപഞ്ചായത്തുകളുടെ നികുതി അടിത്തറ ശക്തിപ്പെടുത്തിയാൽ അവയുടെ സാമ്പത്തിക അടിത്തറ ഭദ്രമാകുകയുള്ളൂ. ആയതിനാൽ നൂറ് ശതമാനം ഓഡിറ്റിനുള്ള സാഹചര്യമുണ്ടാകണം.

7) **വസ്തുനികുതി പരിഷ്കരണം പൂർണ്ണമായും പ്രത്യേക ഓഡിറ്റിന് വിധേയമാക്കിയിട്ടില്ല:**

വാർഷിക വാടകമൂല്യം അടിസ്ഥാനപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കപ്പെട്ടിരുന കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം വർഷങ്ങളെടുത്താണ് പൂർത്തീകരിച്ചത്. 2 ആരംഭിച്ച പരിഷ്കരണപ്രക്രിയ പൂർത്തീകരിക്കപ്പെട്ടോയെന്ന് നിലവിലും ഒരു എക്സ ഏജൻസിയോ ഓഡിറ്റ് വകുപ്പോ പരിശോധിച്ചുറപ്പാക്കിയിട്ടില്ല. പൂർത്തീകരണത്തിന് പ ജീവനക്കാർക്കൊപ്പം കരാറടിസ്ഥാനത്തിൽ ജോലി ചെയ്തവരും ഉൾപ്പെട്ടിരുന്നു. എൻട്രിയിലേയും നികുതി പരിഷ്കരണത്തിലെയും നിരവധി പിഴവുകൾ തുടർന്നുള്ള റിപ്പോർട്ടുകൾ മുഖാന്തിരം ചൂണ്ടി കാണിച്ചിട്ടുണ്ടെങ്കിലും അപാകങ്ങൾ നിലവിലും സാഹചര്യമുണ്ട്. വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച ഉപയോഗക്രമം കൃത്യമ ഉൾപ്പെടുത്തിയത്, വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച റോഡുകളുടെ വിസ്തൃതി എന്നിവ ഒരോ നികുതി നിർണ്ണയത്തിനും ഡേറ്റാ എൻട്രി നടത്തിയപ്പോൾ കൃ ഉൾപ്പെടുത്തിയോ, മേൽത്തരം തറ നിർമ്മിതിക്ക് ബാധകമാക്കേണ്ട ഘ ഉൾപ്പെടുത്തിയിരുന്നോ തുടങ്ങിയ പരിശോധനകൾ നൂറുശതമാനം നടന്നിട്ടില്ല. നൂറു കൃത്യമാക്കാത്ത ഡേറ്റാ ബേസ് ആസ്പദമാക്കി നികുതി വീണ്ടും പരിഷ്കരിക്കേണ്ട സ വസ്തുനികുതി നഷ്ടപ്പെടുത്തുന്ന സാഹചര്യമുണ്ടാക്കും. ഡേറ്റാ പ്യൂരിഫി പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് പ്രത്യേക പരിശോധനയിലൂടെ പരിശോധിച്ചുറപ്പാക്കാനാകു.

8) വസ്തുനികുതി നിർണ്ണയത്തിന് ശേഷമുള്ള പരിശോധനകൾ (പോസ്റ്റ് ഒക്യുപൻസി നടത്തുന്നില്ല:

കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം-21 പ്രകാരം രണ്ട് നില താമസ കെട്ടിടങ്ങളും 50 ച.മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും മതപരമായ കെ ഗ്രൂപ്പ് G1, G1, I എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിട ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസ നടത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പരിശോധനകളൊന്നും തന്നെ നടത്തപ്പെടു അനധികൃത നിർമ്മാണങ്ങളെയും വസ്തുനികുതി നിർണ്ണയത്തിന് ശേഷം സ്വയമോ അല്ല സംഭവിക്കുന്നതും വസ്തുനികുതി വർദ്ധനവിന് കാരണമായേക്കാവുന്നതുമായ സൌകര്യങ്ങളെ തിരിച്ചറിയാതെ പോകുന്നതിനുമിടയാക്കുന്നുണ്ട്.

9)വസ്തുനികുതി:സാങ്കേതികമായ പിഴവുകൾ കാരണം വസ്തുനികുതി നഷ്ടമാകുന്നു:

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ച
ചട്ടം-6 പട്ടിക-6 പ്രകാരം കെട്ടിടങ്ങൾക്ക് 250 ചതുരശ്രമീറ്ററിലധികം മേൽത്തരം വ
നിർമ്മിക്കപ്പെട്ട തറയാണുള്ളതെങ്കിൽ, അടിസ്ഥാനവസ്തുനികുതിയുടെ 15 ശതമാനം
ആകെ വസ്തുനികുതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ വാണിജ്യാവശ്യകെട്ടിടങ്ങളെ
ചെറിയ കെട്ടിടങ്ങളായി നമ്പർ നൽകുമ്പോൾ, ഓരോ കെട്ടിടവും 250 ചതുരശ്രീമീറ്റർ വ
താഴെ വരുന്നതിനാൽ മേൽത്തരം തറനിർമ്മിതിയെന്ന് രേഖപ്പെടുത്തിയാൽക്കൂടി, കെ
ബാധകമാകേണ്ട 15 ശതമാനം വർദ്ധനവിൽ നിന്നും രക്ഷപെടുന്ന അവസ്ഥയാണുള്ളത്.

10)സർക്കാർ ഉത്തരവ് പ്രകാരമുള്ള പുതിയ ഉപയോഗക്രമങ്ങൾക്ക് നിരക്ക് നിശ്ചയിച്ചിട്ടില്ല:

നിലവിലുള്ള ഉപയോഗക്രമങ്ങൾ നിർണ്ണയിക്കുമ്പോൾ ഉണ്ടാകുന്ന നികുതി ചോ
കാർഷികാവശ്യകെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കുക എന്നിവ ലക്ഷ്യമാക്
നികുതി നിരക്കുകൾ സർക്കാർ ഉത്തരവ് മൂലം പുറപ്പെടുവിച്ചിരുന്നു. 8.9.2020 ലെ സ.
53/2020ത.സ്വ.ഭ.വ പ്രകാരം റസിഡൻഷ്യൽ ഹോംസ്റ്റേ ആയി ഉപയോഗിക്കുന്ന കെട്ടി
നികുതി നിരക്ക് നിശ്ചയിക്കുന്നതിനും നിർദേശിച്ചിരുന്നു. പുതുതായി ഉൾപ്പെടുത്തിയ
ഗ്രാമപഞ്ചായത്ത് സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്താത്തതുമായ ഉപയോഗക്ര
കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഉപയോഗക്രമം	കുറഞ്ഞ നിരക്ക്	കൂടിയ നിരക്ക്
1	റസിഡൻഷ്യൽ ഹോംസ്റ്റേ	10	25

മേൽ ഉപയോഗക്രമത്തിന്റെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് സഞ്ച
ബേസിൽ ഉൾപ്പെടുത്തേണ്ടതാണ്.

11)മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ചുമത്തുന്നതിൽ ഗുരുതരമായ വീഴ്ച:

ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ അനുവാദം വാങ്ങി നിർമ്മാണം പൂർത്തീകരിച്ചവർ
നിർണ്ണയത്തിന് പഞ്ചായത്തിനെ സമീപിക്കാത്ത സാഹചര്യമുണ്ട്. കൂടാതെ ടവറുകളുടെ
ഷെൽറ്റർ റൂമുകൾ എന്നിവയുടെ വസ്തുനികുതി ചുമത്തപ്പെടാത്ത സാഹചര്യവും മാ
തെക്കേക്കര ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്. പ്രത്യേക ഖണ്ഡികയായി
അവതരിപ്പിച്ചിട്ടുണ്ട്.(ഖണ്ഡിക നം. 1-15 കാണുക)

12) അനധികൃതമായ നികുതിയിളവ്

പഞ്ചായത്ത് രാജ് നിയമം, വിവിധ ഉത്തരവുകൾ എന്നിവ പ്രകാരം നിശ്ചയിച്ച കെ
മാത്രമല്ല വസ്തുനികുതി ഒഴിവുനേടുന്നത്. ആരാധനാലയങ്ങൾ എന്ന ഗണത്തിലും
ഉപനികുതി എന്നിവയിൽ നിന്ന് ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്ന നിലയിൽ
അയോഗ്യമായ കെട്ടിടങ്ങളെ ഉൾപ്പെടുത്തുക വഴി ഗ്രാമപഞ്ചായത്തിന് നികുത
ഉണ്ടായിട്ടുണ്ട്. (വിശദാംശങ്ങൾക്ക് 2021-22 റിപ്പോർട്ട് ഖണ്ഡിക 1-15കാണുക)

13)സേവന ഉപനികുതി സാധ്യതകൾ തനത് വരുമാന വർദ്ധനവിനായി പരിഗണിക്കാവുന്ന ത

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർ
ചട്ടങ്ങളിലെ ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപനികുതി

പ്രതിപാദിച്ചിട്ടുള്ളത്. ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിട ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവ തെരുവു വിളക്കുകൾ, ഡ്രൈനേജ് എന്നിവയ്ക്കുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടു ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ വസ്തുനികുതിയിൻമേൽ സേവന ഉ ചുമത്താവുന്നതാണ്. എന്നാൽ മാവേലിക്കര- തെക്കേക്കര ഗ്രാമപഞ്ചായത്ത് നിലവിൽ ഉപനികുതി ഈടാക്കുന്നില്ല. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനി നിന്നും ഒഴിവാക്കാവുന്നതാണ്. ചട്ടം 27 പ്രകാരം വസ്തു നികുതിയിന്മേൽ താഴെ നിരക്കുകളിൽ കുറയാതെ സേവന ഉപനികുതി ഈടാക്കാവുന്നതാണ്.

ക്രമനം	സേവനം	വസ്തുനികുതിയിൻമേൽ ചുമത്താവുന്ന പരമാവധി സേവന ഉപനികുതി
1	**ശുചിത്വ പരിപാലനം**	**4%**
2	**ജല വിതരണം**	**3%**
3	**തെരുവു വിളക്കുകൾ**	**2%**
4	**ഡ്രൈനേജ്**	**1%**

വസ്തു നികുതി നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നീ നടപടിക്രമങ്ങൾ ആ ഭേദഗതികളോടെ സേവന ഉപനികുതിയുടെ നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എ ബാധകമാണെന്ന് ചട്ടം 28 ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് രണ്ട് അർദ്ധ വർഷ ഗഡ വസ്തു നികുതിയോടൊപ്പം പിരിക്കാവുന്നതാണ്. സേവനം നൽകുന്ന മേ ഗ്രാമപഞ്ചായത്തിന് നിശ്ചിത നിരക്കിനേക്കാൾ കുറയാതെയുള്ള നിരക്ക് ഓരോ ഇ നിശ്ചയിക്കാവുന്നതാണ്. സേവനം നൽകുന്ന മേഖലയിൽ ഗ്രാമപഞ്ചായത്തിന്, മേൽ പ സൂചിപ്പിച്ചിട്ടുള്ള നിരക്കിനേക്കാൾ കുറയാതെയുള്ള നിരക്ക് ഓരോ ഇ നിശ്ചയിക്കാവുന്നതാണ്.

14) <u>തറവാടകയിനത്തിലെ വരുമാനസാധ്യതകൾ പരിഗണിക്കാവുന്നതാണ്</u>

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മാർക്കറ്റിലെ അനധികൃത നിർമ്മാണങ്ങൾ നടപടി സ്വീകരിച്ചില്ല.

ഗ്രാമപഞ്ചായത്തിന്റെ കടമുറികൾ വാടകക്ക് എടുത്തിട്ടുള്ളവർ അനധികൃതമായി സ്ഥലം ൈ താൽകാലിക നിർമ്മിതികൾ നടത്തിയിട്ടുണ്ട്.തറവാടക നിശ്ചയിച്ച് വരുമാനദായകമാക്കാമോയെന്ന് പരിശോധിക്കേണ്ടതാണ്. (ഖണ്ഡിക നം. 1-13കാണുക)

<u>1-11 ഓഡിറ്റ് ഇംപാക്ട്- വസ്തുനികുതി കുടിശ്ശികയിനത്തിൽ 59804 രൂപയുടെ വരവ്</u>

2021-22 ഓഡിറ്റ് വർഷത്തെ റിപ്പോർട്ടിന്റെ ഖണ്ഡിക 1-14 പ്രകാരം ആകെ തറവിസ്തൃതിക്കനു വസ്തുനികുതി ചുമത്താതിരുന്ന 3 കെട്ടിടങ്ങളെ സംബന്ധിക്കുന്ന പരാമർശം ഉൾപ്പെടുത്തിയിരുന്നു പരാമർശത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെ വസ്തുനികുതി ഗ്രാമപഞ്ചായത്ത് പുനനിർണ്ണയിക്കു

C,D,E,F,H,I,J എന്നീ കെട്ടിടങ്ങളിൽ നിന്നുള്ള കുടിശ്ശിക തുകയായ 59,804 രൂപ 05/08/23 ലെ ര 1230101528 പ്രകാരം കെട്ടിട ഉടമകളായ കോശി ഇടിക്കുള, നോബിൾ , നോയൽ , ഗ്രാമപഞ്ചായത്തിൽ ഒടുക്കി. മറ്റുള്ള രണ്ട് കെട്ടിട ഉടമകളിൽ നിന്നും കൂടി വസ്തുനികുതി ഈടാക്കേണ്ടതാ

1-12 വസ്തുനികുതി ഇളവ് നേടിയ ശേഷം ഉടമ വരുത്തുന്ന തറവിസ്തൃതിയിലുള്ള മാറ്റം- ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് - 207 (ഐ) പ്രകാരം ദാരിദ്ര്യരേഖക്ക് ത കെട്ടിട ഉടമയുടെ, സ്വന്തം വാസഗൃഹമായി ഉപയോഗിക്കുന്നതും തറവിസ്തീർണ്ണം 30 ച കുറവുള്ളതുമായ പാർപ്പിടങ്ങളെയും വകുപ്പ്-207(ജെ) പ്രകാരം സർക്കാരോ അർദ്ധ സ്ഥാപനങ്ങളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ ക്ഷേമപ്രവർത്തനങ്ങളുടെ സൌജന്യമായി നിർമ്മിച്ചുനൽകുന്ന വാസഗൃഹങ്ങളെയും വസ്തുനികുതി, സേവന ഉ എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ നിയമത്തിലെ ഈ വ്യവസ്ഥകള് വരുത്താതെ ചില വ്യവസ്ഥകൾക്ക് വിധേയമായി 660 ചതുരശ്ര അടി വരെ വി പാർപ്പിടാവശ്യകെട്ടിടങ്ങളെയും വസ്തുനികുതി സേവന ഉപനികുതി എന്നിവയിൽ ഒഴിവാക്കി.(സർക്കാർ ഉത്തരവ് (എം.എസ്.)നം.358/2015 ത.സ്വ.ഭ.വ തീ.16.12.2015). സാമ്പത്തിക വർഷം മുതലാണ് ഈ നികുതി ഒഴിവിന്റെ പ്രബല്യം. നികുതി ഒഴിവ് ലഭിക കെട്ടിട ഉടമയുടെ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ കുടുബ നാഥന്റെ / നാഥയു പേരിലുള്ള സ്വന്തം ആവശ്യത്തിനായുള്ള ഒരു വാസഗൃഹത്തിന് മാത്രമാണ് നികുതി ആനുകൂല്യം ലഭിക്കുക. എന്നാൽ ലൈഫ് ഭവനപദ്ധതി പ്രകാരം നിർമ്മാണം പൂർ വസ്തുനികുതി ഇളവ് നേടിയ ശേഷം കെട്ടിടത്തിന്റെ ഉപയോഗക്രമത്തിലും തറവിസ് വരുത്തുന്ന മാറ്റങ്ങൾ പലപ്പോഴും ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കാത്ത സാഹചര്യമുണ്ടാകുന്നു.

14-09-2023 ലെ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-19 മൂടെ ഓഡിറ്റ് വിഭാഗം നിർദ്ദേശ തുടർന്ന് ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർക്കുന്ന പാർപ്പിടാവശ്യകെട്ടിടങ്ങൾ ഫീൽ ഉദ്യോഗസ്ഥൻ മുഖാന്തിരം പരിശോധിച്ച് സെക്രട്ടറി റിപ്പോർട്ട് ലഭ്യമാക്കി. റിപ്പോർട്ട് നിലവിലുള്ള വിസ്തൃതി മേൽ പരാമർശിച്ച ഇളവുകൾക്കുള്ള പരിധിക്ക് പുറത്താ കെട്ടിടങ്ങളുടെ സഞ്ചയഡേറ്റാ ബേസ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ (പരിശോധന റിപ്പോർട്ട് ഇവ അനുസരിച്ച്) തറവിസ്തൃതിയുടെ വിവരം ചുവടെ ചേർക്കുന്നു.

കെട്ടിട ഉടമയുടെ പേരും വിലാസവും	യഥാർത്ഥത്തിലുള്ള തറവിസ്തൃതി (Sqm)	സഞ്ചയ ഡേറ്റാ ബേസ് പ്രകാരമുള്ള തറവിസ്തൃതി (Sqm)
സ്നേഹ രാധാകൃഷ്ണൻ കണ്ണീരേത്ത് 6/277C	62.2	37.9
സരിത എസ് പുരുഷോത്തമൻ	69.8	39.9

ശ്രീലകം17/504 C		
രമ്യ/രഞ്ചിത്ത് കുറ്റിയിൽ 7/374 A	136.2	45

തറവിസ്തൃതി വർദ്ധനയെ സംബന്ധിക്കുന്ന കെട്ടിട ഉടമയുടെ അപേക്ഷയോ വസ്തുനികുതി പഞ്ചായത്തിന് സമർപ്പിച്ചിട്ടില്ല. പോസ്റ്റ് ഒക്യുപൻസി പരിശോധനകളും നടന്നി പരാമർശിത കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ചീടാക്കുന്നതാണെന്ന് പ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പരാമർശിത കെട്ടിടങ്ങൾക്ക് പുറമെ സമാനമായ കെട്ടിടങ്ങൾ നികുതി ചുമത്തലിൽ നിന്നും ഒഴിവാക്കപ്പെടുന്ന സാഹചര്യം ഉണ്ടാകാമെന്ന വിലയിരുത്തുന്നു. പോസ്റ്റ് ഒക്യുപൻസി പരിശോധനകൾ നടത്തി നികുതി പുനർനിർണ്ണയ വിവരം അറിയിക്കേണ്ടതാണ്.

1-13 ഗ്രാമപഞ്ചായത്ത് ഭൂമിയിലുള്ള അനധികൃത കൈയ്യേറ്റം – നടപടികൾ സ്വീകരിച്ചിട്ട

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കുറത്തികാട് ചന്തയിൽ ചൊവ്വാഴ്ചകളിൽ മ വി.എഫ്.പി.സി.കെ യുടെ നേതൃത്വത്തിലുള്ള വിപണി പ്രവർത്തിക്കുന്നത്. ടി ച ചേർന്നുള്ള സ്ഥലത്ത് ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോപ്ലക്സ് നിർമ്മിച്ച് നൽകിയിട്ടുണ്ട്.എന്നാൽ ഈ കെട്ടിട മുറികൾ വാടകക്ക് എടുത്തവർ തന്നെ ചന്തയുടെ കൂടി കൈയ്യേറി തങ്ങളുടെ ബിസിനസ് വർദ്ധിപ്പിക്കുന്നതിന് മേൽക്കൂരയോടും ഗ്രില്ലുകളേ താൽക്കാലിക നിർമ്മിതികൾ ഉണ്ടാക്കി പ്രവർത്തനങ്ങൾ നടത്തിവരുന്നു. വിശദാംശങ്ങ ചേർക്കുന്നു.

1)രേവതി ഹയറിംഗ്- വാടകക്ക് നൽകുന്നതിനുള്ള സാധനസാമഗ്രികൾ സൂക്ഷിച്ചിരിക്കുന്

2) സീഗൾസ് ഫ്രഷ് ഹട്ട്- മാർക്കറ്റിംഗിനായുള്ള ഔട്ട് ലെറ്റ് പ്രവർത്തിക്കുന്നു.
ചിത്രങ്ങൾ കാണുക.





കേരള പഞ്ചായത്ത് രാജ് നിയമം(വസ്തു ആർജ്ജിക്കലും കൈയ്യൊഴിയലും ചട്ടങ്ങളിലെ പ്രകാരം പന്തലുകളോ മറ്റ് എടുപ്പുകളോ തൽക്കാലത്തേക്ക് കെട്ടുന്നതിനായി ലൈ അനുവദിച്ചതായി കാണുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-254 ഉപവകുപ്പ് -2 (29)ലെ നിയ അനുസൃതമായി 1996 ൽ കേരള പഞ്ചായത്ത് രാജ് നിയമം(കൈയ്യേറ്റം നീക്കം അനധികൃതമായി കൈവശം വക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും) ചട്ടങ്ങളിലെ പ്രകാരം പഞ്ചായത്തിന്റെ അനുവാദം കൂടാതെയോ പഞ്ചായത്ത് നൽകിയിട്ടുള്ള ലൈസ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും അനുസരണമല്ലാതെയോ യാതൊരാൾക്കും പഞ്ചാ വകയോ അവയിൽ നിക്ഷിപ്തമായിരിക്കുന്ന യാതൊരു ഭൂമിയും കൈവശം വക്കുവാൻ പാടു

അനധികൃത നിർമ്മിതികൾ പൊളിച്ചുമാറ്റുകയോ അല്ലാത്ത പക്ഷം നിയമാനുസൃത വ്യവസ കൂടി ടി സ്ഥലം (താൽകാലിക നിർമ്മിതികൾ ഉള്ള സ്ഥലം) കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യോഴിയലും ചട്ടങ്ങളിലെ ചട്ടം-9 പ്രകാരമുള്ള താ ലൈസൻസ് അനുവദിക്കാമോയെന്ന് പരിശോധിക്കേണ്ടതുമാണ്. അധിക നിർമ്മാണം സ്ഥലത്തിന്റെ വാടക വാർഷിക/മാസ അടിസ്ഥാനത്തിൽ ലീസ് ഓഫ് ലാന്റ് എന്ന ഈടാക്കുന്നത് തനത് വരുമാന ഫണ്ട് വിപുലീകരിക്കുന്നതിന് സഹായകമാ പരിഗണിച്ച് പഞ്ചായത്ത് സമിതിയുടെ ഭാഗത്ത് നിന്നുള്ള അടിയന്തിര ഇടപെടലു വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 21 തീയതി15-09-2023)

1-14 പാർപ്പിടാവശ്യ കെട്ടിടങ്ങൾ ഉപയോഗക്രമം മാറ്റാതെ മറ്റ് സംസ്ഥാന തൊഴിലാളികൾക്കുള്ള ലോഡ്ജിംഗ് കെട്ടിടങ്ങളായി പ്രവർത്തിക്കുന്നു- തനതുവരുമാന നഷ്ടമാകുന്നതിനപ്പുറം സുരക്ഷാപ്രശ്നങ്ങളും

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി നിരവധി കെട്ടിടങ്ങൾ മറ്റു സംസ്ഥാ നിന്നുള്ള തൊഴിലാളികളുടെ താമസ ആവശ്യത്തിനുപയോഗിക്കുന്നുണ്ടെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-32 തീയതി 16-09-2023 നുള എന്നാൽ ഗ്രാമപഞ്ചായത്തിന്റെ രേഖകൾ പ്രകാരം (സഞ്ചയ ഡേറ്റാബേസ്) ഈ കെട്ടിട തന്നെ പാർപ്പിടാവശ്യകെട്ടിടങ്ങളെന്ന നിലക്ക് നികുതി നിർണ്ണയിച്ചവയ ഗ്രാമപഞ്ചായത്തിന് തനതുവരുമാനനഷ്ടം ഉണ്ടാക്കുകയും അതിലുപരി സുരക്ഷാപ്രശ് കാരണമാകുകയും ചെയ്യുന്നുണ്ട്. മറുപടി പ്രകാരം സെക്രട്ടറി ലഭ്യമാക്കിയ കെട്ടിട ഉടമകളുടെയും പേര് വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	വാർഡ്/ കെട്ടിട നമ്പർ	ഉടമയുടെ പേര്/ വിലാസം
1	1/486	എം.ജി ഹരി, ഹരിഭവനം, ഉമ്പർനാട്
2	2/547	അജയകുമാർ, വെള്ളാപ്പള്ളിൽ
3	4/33	ശശിധരൻ, ശംഭു ഭവനം,വടക്കേ മങ്കുഴി
4	4/334	ദാമോദരൻ, അനീഷ് നിവാസ്,വടക്കേ മങ്കുഴി

5	4/334 B	സോമൻ, എസ്.എൻ ആലയം, വടക്കേ മങ്കുഴി
6	4/334 D	സോമൻ, എസ്.എൻ ആലയം, വടക്കേ മങ്കുഴി
7	4/257	ശ്രീകാന്ത്/ജ്യോതി, ശ്രീലക്ഷമി, വടക്കേ മങ്കുഴി
8	8/302 A	ശാരദ, വാരിക്കോലി വിളയിൽ, ചൂരല്ലൂർ

നിർമ്മാണ പ്രവൃത്തികളുടെ കരാറുകാർ അല്ലെങ്കിൽ കെട്ടിട ഉടമ ഇവ താമസിക്കുന്നവരുടെ വിവരങ്ങൾ സൂക്ഷിക്കുന്നില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിലേക്ക താമസ്സിക്കുന്നവരുടെ വിവരങ്ങൾ അടിയന്തിര സാഹചര്യങ്ങളിൽ ലഭ്യമാകാത്ത സ ഭാവിയിൽ അതിസുരക്ഷപ്രശ്നങ്ങൾക്ക് വരെ ഇടയാക്കിയേക്കാം.

2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34 ൽ കെട്ട വിനിയോഗം സംബന്ധിക്കുന്ന വിശദീകരണങ്ങൾ സർക്കാർ വിശദമാക്കിയിട്ടുണ്ട്.ഇത് ഏക അല്ലെങ്കിൽ ബഹുകുടുംബ വാസസ്ഥലങ്ങളെയാണ് പാർപ്പിടാവശ്യകെട്ടി പരിഗണിക്കാനാവുക. കുടുംബങ്ങൾ എന്ന നിലയ്ക്കല്ലാതെ മറ്റ് സംസ്ഥാന തൊഴി പ്രതിമാസ/ പ്രതിദിന വാടക ഈടാക്കി പാർപ്പിക്കുന്ന ഇടങ്ങളെ പാർപ്പിടാവശ്യകെട്ടി നിലയ്ക്ക് നികുതി ചുമത്തുന്നത് ക്രമപ്രകാരമുള്ള നടപടിയല്ല. കേരള പഞ്ചായത (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും) ചട്ടങ്ങളിലെ ചട്ടം-17 നിർവ്വചിച്ചിട്ടുള്ള വസ്തുനികുതി നിർണ്ണയത്തിന് ശേഷം ഉപയോഗക്രമത്തിൽ വരുത്തുന്ന മാത്രമെ മേൽ വിഷയത്തെ പരിഗണിക്കാനാകൂ.ആയതിനാൽ ചട്ടം 17 ലെ ഉപചട്ടം-4 ചട്ടം 12 ൽ പ്രതിപാദിച്ചിട്ടുള്ള വസ്തുനികുതി പുനർനിർണ്ണയം സെക്രട്ടറിക്ക് ചെയ്യാവു കൂടാതെ ലോഡ്ജിംഗ് കെട്ടിടങ്ങളെന്ന നിലയ്ക്ക് രേഖകൾ സൂക്ഷിക്കുന്നതിനു നിർദ്ദേശി വസ്തുനികുതി പുനർനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ

<u>1-15 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി -സർക്കാർ നിർദ്ദേ</u>

<u>പാലിക്കുന്നില്ല</u>

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ പൂ ഗ്രാമപഞ്ചായത്തിന്റെ കൈവശമില്ല. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19/10/2014 ലെ ന നം-40395/RC2/2014/LSGD (വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ) അനധികൃതമൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ചുമത്തുന്നതിന് ഗ്രാമപ സ്പെഷ്യൽ ഡ്രൈവ് നടത്തി മുഴുവൻ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെയും വ ഡേറ്റാബേസിലേക്ക് ഉൾപ്പെടുത്തി നികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല ഡേറ്റാബേസ് പ്രകാരം 8 മൊബൈൽ ടവറുകൾ മാത്രമാണ് ഗ്രാമപഞ്ചാ പരിധിയിലുള്ളത്. ഗ്രാമപഞ്ചായത്തിന്റെ അഞ്ചാം വാർഡിൽ രണ്ട് മൊബൈൽ ടവറുകളു ഒന്ന് മാത്രമാണ് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ സർക്കാർ നിർദ്ദേശ

മൊബൈൽ ടവറിന്റെ മുഴുവൻ ഭാഗങ്ങളും വസ്തുനികുതി ചുമത്തപ്പെടുന്നുണ്ടോ പരിശോധിച്ചുറപ്പിക്കേണ്ടതുണ്ട്.

<u>വസ്തുനികുതി ചുമത്തപ്പെടാത്ത മൊബൈൽ ടവറും പ്രവർത്തിക്കുന്നു.</u>

ഓഡിറ്റ് ടീമിന്റെ ആവശ്യപ്രകാരം ഗ്രാമപഞ്ചായത്ത് പരിശോധന നടത്തി ശ്രീമതി ജോർജ്, കുറുകയിൽ,ഉമ്പർനാട് എന്നയാളുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ വാർഡ്)വോഡാഫോൺ ഐഡിയ (VI) ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള മൊ ടെലികമ്മ്യൂണിക്കേഷൻ ടവർ സ്ഥാപിക്കപ്പെട്ടിട്ടുള്ളതായി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.(ഓഡിറ്റ് അന്വേഷണക്കുറിപ്പ് 2/08-09-23നുള്ള മറുപടി). എന്നാ മൊബൈൽ ടവറിന്റെ വസ്തുനികുതി ഗ്രാമപഞ്ചായത്ത് നിർണ്ണയിച്ചീടാക്കുന്നില്ല. ഇ നിർമ്മാണം സംബന്ധിക്കുന്ന പെർമ്മിറ്റ്/ഇന്റിമേഷൻ വിവരങ്ങളോ പൂർത്ത സംബന്ധിക്കുന്ന വിവരങ്ങളോ ഇതേവരേ ഗ്രാമപഞ്ചായത്തിൽ അറിയിച്ചിട്ടില്ല. ഓഡിറ്റ് ചുണ്ടി കാണിക്കുമ്പോൾ മാത്രമാണ് ഗ്രാമപഞ്ചായത്ത് വിവരങ്ങൾ അന്വേഷിക്കുന്നതും റിപ്പോർട്ട് ചെയ്യുന്നതും. ഈ മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറിനെ വ ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കുലർ അനുശാസിക്കും പ്രകാരമുള്ള സ്പെഷ്യൽ നടത്തി അനധികൃത ടെലികമ്മ്യൂണിക്കേഷൻ ടവർ നിർമ്മിതികൾ ഗ്രാമപഞ്ചാ ഇല്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

നിരവധി മൊബൈൽ ടവർ ഉടമകൾ നികുതി ശൃംഖലക്ക് പുറത്താണ് എന്നത് വലിയ ചോർച്ചക്കിടയാക്കുന്നു. മേൽ വിഷയങ്ങൾ പരിഹരിക്കുന്നതിനൊപ്പം ഗ്രാമപ പരിധിയിലുള്ള മുഴുവൻ മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടേയും വ ചുമത്തുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ഈ വിഷയത്തിൽ അടിയന്തിരമായി നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് അറിയിക്കേണ്ടതാണ്.

<u>ടെലി കമ്മ്യൂണിക്കേഷൻ ടവറിന്റെ മുഴുവൻ ഭാഗത്തെയും വസ്തുനികുതി ചുമ വസ്തുനികുതിയിനത്തിൽ 847 രൂപ നഷ്ടം</u>

ഗ്രാമപഞ്ചായത്തിന്റെ ഏഴാം വാർഡിൽ കൊച്ചി പാലാരിവട്ടത്തുള്ള ഇൻഡസ് ടവർ ലിമ പേരിലുള്ള ഒരു ടെലികമ്മ്യൂണിക്കേഷൻ ടവർ സ്ഥിതിചെയ്യുന്നുണ്ട്. 7/471 A എന്ന നമ്പ ഈ ടവറിന്റെ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ റൂമിന്റെ വിസ്തൃതി മാത്രമാണ് കണക്കാക്കിയത്. ടവറിന്റെ വിസ്തൃതി വസ്തുനികുതി നിർണ്ണ കണക്കിലെടുത്തതായി കാണുന്നില്ല. കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള ഏരിയ സ്റ്റേറ്റ്മെന ചേർക്കുന്നു.

1	ടവർ (1.1x1.4)	1.54
2	ഷെൽറ്റർ (4x2)	8
	ആകെ	9.54

ആകെ 9.54 ചതുരശ്രമീറ്റർ വിസ്തീയുണ്ടെങ്കിലും 8 ചതുരശ്രമീറ്ററിന് മാത്രമാണ് വ ചുമത്തിയിട്ടുള്ളത്. ഇത് ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വസ്തുനികുതി ഡിമ കുറവുണ്ടാക്കി. മൊബൈൽ ടവറുകളുടെ പ്രവർത്തനത്തിന് ജനറേറ്റർ, മറ്റനുബന്ധ ഉപക എന്നിവ അനിവാര്യമായതിനാൽ മൊബൈൽ ടവറുകളുടെ തറവിസ്തീർണ്ണം, ജന അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണ്ണം എ അടിസ്ഥാനത്തിൽ വസ്തുനികുതി കണക്കാക്കാവുന്നതാണെന്ന് തദ്ദേശ സ്വയംഭരണവകുപ്പ് **ഡി 3/94/2020/ തസ്വഭവ** നമ്പർ തീയതി 02-02-2023 സർക്കുലർ പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. ആയതിനാൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളു ഭാഗങ്ങളും വസ്തുനികുതി ചുമത്തലിന് വിധേയമാക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്ത വസ്തുനികുതി നഷ്ടം ചുവടെ ചേർക്കുന്നു.

ചുമത്തിയ നികുതി	ചുമത്തേണ്ടിയിരുന്ന നികുതി	വസ്തുനികുതിയിലുണ്ടായ കുറവ്
അടിസ്ഥാന വസ്തുനികുതി=8x500 ഇളവ്-10%=400 വർദ്ധനവ്-20%=800 വസ്തുനികുതി=4400	അടിസ്ഥാന വസ്തുനികുതി=9.54x500=4770 ഇളവ്-10%=477 വർദ്ധനവ്-20%=954 വസ്തുനികുതി=5247	5247-4400=847

വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റ് അറിയിക്കേണ്ടതാണ്.

1-16 വസ്തുനികുതി-റോഡ് വിസ്തൃതി പരിഗണിക്കാതെ വസ്തുനികുതി നിർണ്ണയിച്ചു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സ ചട്ടങ്ങളിലെ ചട്ടം-6 ൽ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട ഇളവുകളും വർദ്ധ വിശദമാക്കുന്നു. ടി ചട്ടത്തിലെ പട്ടിക -2 കെട്ടിടത്തിലേക്കുള്ള വഴി സൌക അടിസ്ഥാനത്തിലുള്ള നികുതിയിളവ്/വർദ്ധനവ് അടിസ്ഥാന വസ്തുനികുതിയുടെ ശതമാനമാണെന്നും വ്യക്തമാക്കുന്നു. 5 മീറ്ററോ അതിൽ കൂടുതലോ പ്രവേശന കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20 ശതമാനം വർദ്ധനവും 1.5 മീറ്ററിൽ വഴി സൌകര്യമുള്ള കെട്ടിടങ്ങൾക്കും പൊതുവായ വഴി സൌകര്യം ഇല്ലാത്ത കെട്ടി യഥാക്രമം 10, 20 ശതമാനം ഇളവുകളും നിർദ്ദേശിക്കുന്നുണ്ട്. 1.5 മീറ്റർ മുതൽ 5 താഴെവരെ വഴിസൌകര്യത്തിന് ഇളവുകളോ വർദ്ധനവോ ഇല്ല.

എന്നാൽ പരിശോധനയിൽ കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ട സൌകര്യത്തിൽ നിന്നും വ്യത്യസ്തമായ രീതിയിൽ സഞ്ചയയിൽ വഴി രേഖപ്പെടുത്തുന്നതിനാൽ നികുതി നിർണ്ണയത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. ചുവടെ പട്ടികയിലെ എല്ലാ കെട്ടിടങ്ങൾക്കും 1.5 മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള വഴി സൌക

നിലക്കാണ് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ നമ്പരും ഉടമയുടെ
ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നമ്പർ	ഉടമയുടെ പേര്	റോഡിന്റെ വിസ്തൃതി കംപ്ലീഷൻ പ്ലാൻ പ്രകാരം
1	14/133	CT മാത്യു, നൃവില്ല	5 M
2	10/262 B	അഭിലാഷ് ആർ, സ്വാതി വിജയകുമാർ, പോച്ചപ്പറമ്പിൽ	6.7 M
3	4/9B	ശങ്കരൻ കെ.എസ് അനുജ, കളീക്കൽ	530 Cm
4	12/383 A	രാമചന്ദ്രൻ, അർച്ചന, പവിത്രം	585 Cm
5	10/295 A	രതീഷ് എസ്, പിയോണി, രതീഷ് ഭവനം	8m
6	19/449 B	പങ്കജാക്ഷൻ ഗീത കല്ലുംകട പടീറ്റതിൽ	760 Cm
7	19/46 C	രാമചന്ദ്രൻ പിള്ള, ബിന്ദു ദേവിക	690 Cm
8	6/268 B	രജീഷ് കുമാർ മാബ്രേത്ത് കോട്ടയിൽ	7m
9	4/399 A	ജി ഹരിപ്രസാദ്, പ്രസാദ് ഭവൻ	7.5 M
10	9/304 B	രമണൻ, ചുണ്ടക്കാവിളയിൽ	5.3 M
11	4/104 A	സുരേഷ്, പാക്കുകണ്ടത്തിൽ	8m
12	13/33 E	സജിത് ശ്രീധരൻ, ആത്മ	670 Cm
13	18/401 A	പ്രകാശ്,നൂറാട്ടേത്ത് വടക്കതിൽ	6m
14	9/219 A	ശിവദാസൻ, ശാന്തമ്മ പുത്തൻവിളയിൽ	820 Cm
15	19/558 D E F	രവീന്ദ്രൻ താങ്കൾ, ആനന്ദവല്ലി കയ്യാലക്കകത്ത്	12 M

വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.30/16-
മറുപടി ലഭ്യമാക്കിയില്ല. അടിസ്ഥാന വസ്തുനികുതിയിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന 20
വർദ്ധനവ് ഈ കെട്ടിടങ്ങൾക്ക് വരുത്തേണ്ടതാണ്. വസ്തുനികുതി പുനർനിർണ്ണയിച്ചീടാക്
ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

1-17 പുതിയതായി നിർമ്മിക്കപ്പെട്ട വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ വസ്തുനികുതി ചുമത്ത

ഗ്രാമപഞ്ചായത്തിലെ വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ (വില്ലേജ് ഓഫീസ്, തെ വസ്തുനികുതി നിർണ്ണയം നടത്തി നമ്പർ നൽകിയിട്ടില്ല. കെട്ടിടം നിർമ്മാണം പൂർത ഉദ്ഘാടനം നടത്തപ്പെട്ടുവെങ്കിലും നാളിതുവരെയും വസ്തുനികുതി ചുമത്തുന്നതിനുള്ള ന സ്വീകരിച്ചിട്ടില്ല. അടിയന്തിരമായി നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് റ അറിയിക്കേണ്ടതാണ്.

1-18 ദിവസവേതന അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തുവരിൽ നിന്നു തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് ഓഫീസിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന ചേർക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ജീവന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

A	അനീഷ് ബി	OA Cum Driver
B	രതീഷ് കുമാർ കെ	ഡ്രൈവർ
C	ആദിത്യൻ	പാർട്ട് ടൈം ലൈബ്രേറിയൻ

തൊഴിൽ നികുതി ചുമത്താതിരുന്നതിന്റെ കാരണം വിശദീകരിക്കുന്നതിനായി നൽകിയ അന്വേഷണക്കുറിപ്പിന് നം. 23 തീയതി 15-09-2023 ന് ലഭ്യമാക്കിയ മറുപടിയിൽ നികുതി ചുമത്തി ഈടാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി ട രേഖാമൂലം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

1-19 ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ചുമത്തൽ- അപാകതകൾ

ട്രേഡേഴ്സിന്റെ തൊഴിൽ നികുതിയായി ഗ്രാമപഞ്ചായത്തിൽ 3,95,800 രൂപ വരവ് വ എന്നാൽ ഈ ഇനത്തിലുള്ള വരവ് സ്വീകരിക്കുന്നതിൽ ചില അപാകതകളുള്ളതായി ക ലൈസൻസ് പുതുക്കുവാനായി വരുന്നവർ ആദ്യ അർദ്ധവർഷത്തിലെ മാത്രം തൊഴിൽ (ഒന്നാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി ഒടുക്കിയ രസീത് ഉപയോഗിച്ച് ലൈ പുതുക്കുമ്പോൾ) ഒടുക്കുന്നതായും കുടിശ്ശിക ഒടുക്ക് വരുത്താത്തതായും കാണുന്നു. വിശദ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	ലൈസൻസ് പുതുക്കലിൽ ഒടുക്കിയ തുക
1	AST മെഡിടെക് 14/25	1000
2	കെയർ യു ഡെന്റൽ ക്ലിനിക്ക് 11/433C	1000
3	തടത്തിൽ ഹോളോബ്രിക്സ് 4/299A	1250
4	ഉത്രം ഹോണ്ട സർവ്വീസ് സെന്റർ 16/71 A B	1250
5	കിച്ചൺ മിനി സൂപ്പർമാർക്കറ്റ് 3/1 H I	1000
6	കളീക്കൽ ബിൽഡേഴ്സ് & ഹോം ഇന്റീരിയേഴ്സ് 11/409,410	1250
7	തുണ്ടിൽ ഹോളോബ്രിക്സ് 6/317 B	1000

വിശദീകരണം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കു (നം.22/15.09.2023) മറുപടിയിൽ ചില സ്ഥാപനങ്ങൾ താരതമ്യേന സ്ഥാപനങ്ങളാണെന്നതുകൊണ്ട് വാർഷിക തൊഴിൽ നികുതി എന്ന നിലയ്ക്കാണ് തൊഴിൽ ചുമത്തിയതെന്നും മറ്റുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതുമാ വിശദീകരണം ലഭ്യമാക്കി. സെക്രട്ടറിയുടെ മറുപടി ഭാഗികമായി അംഗീകരിക്ക സ്ഥാപനങ്ങളുടെ വിവരങ്ങളാണ് മുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഹോളോബ്രിക്സ് നി ഡെന്റൽ ക്ലിനിക്ക് പോലെയുള്ള സ്ഥാപനങ്ങളിൽ നിന്നും ഗ്രാമപഞ്ചായത്ത് അർദ്ധവാർഷിക തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ട

1-20 തൊഴിൽ നികുതി- എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തണം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പ പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്ക പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭ മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കുന്നതിന് ശ്രമിക്കുന്നില്ല. ഗ്രാമപ പരിധിയിൽ നിരവധി സ്ഥാപനങ്ങൾ പുതിയതായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എന സ്ഥാപനങ്ങളുടെയൊന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നതിന് കഴി സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

A) ന്യൂ ഭാരത് ഫൈനാൻസിയേഴ്സ്, കുറത്തികാട്

B) കണ്ണാട്ട് നിധി ലിമിറ്റഡ്, കുറത്തികാട്

C) ഐശ്വര്യ ഫൈനാൻസിയേഴ്സ്,കുറത്തികാട്

D) മണിരത്ന ഫാർമർ പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്(കുറത്തികാട്, Door No. 10/434-("SAKHI BUILDING", Kurathikad, Thekkekara P.O, Mavelikara, Alappuzha Ker 690107)

2)ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ലിനിക്കൽ ലാബോറട്ടറികളിലെ ജീവന തൊഴിൽ നികുതി ചുമത്തിയില്ല.

A) ബയോവിഷൻ ഡയഗ്നോസ്റ്റിക്സ് സെന്റർ, കുറത്തികാട്

B) മെഡിനോവ മെഡിക്കൽ ലബോറട്ടറി 6/95 C

C) എമിറേറ്റ്സ് മെഡിക്കൽ ഡയഗ്നോസ്റ്റിക്ക് സെന്റർ 11/362 A B

D) ഹെൽത്ത് കെയർ ക്ലിനിക്കൽ ലബോറട്ടറി, കല്ലുമല

E) SN മെഡിക്കൽ ലാബ്, പോനകം

ടി സ്ഥാപനങ്ങളിലെ ജീവനക്കാരെ തൊഴിൽ നികുതി ചുമത്തുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ചുമത്തി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടത

1-21 ലൈസൻസ് സംബന്ധമായ അപാകതകൾ

പഞ്ചായത്ത് പ്രദേശത്ത് യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിന് പകരം പഞ്ചാ പ്രവർത്തിക്കുന്നതും പ്രവർത്തിക്കാത്തതുമായ മുഴുവൻ വാണിജ്യ കെട്ടിടങ്ങളുടെ മുറികൾ ഒരു ലിസ്റ്റാണ് സൂക്ഷിച്ചിട്ടുള്ളത്. 1509 വാണിജ്യ കെട്ടിടങ്ങൾ നിലവിലുള്ളപ്പോ സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്.

1)ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള കെ.എസ്.ബി.സി (വാർഡ് XV- 450 എൻജീനിയറിംഗ് 17/ 274 B എന്നീ സ്ഥാപനങ്ങൾ ലൈസൻസ് ഫീ ഒടുക്കാ പ്രവർത്തിച്ചുവരുന്നത്. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈ നൽകൽ ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ ഡിപ്പോകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ ഡിപ്പോകളെ ലൈസൻസ് ഫീസ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.(വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ലൈസൻസ് രജിസ്റ്ററിന്റെ ഡിമാന്റ് രജ പരിശോധിച്ചതിൽ, റീട്ടെയിൽ റേഷൻ ഡിപ്പോകളിൽ നിന്ന് ലൈസൻസ് ഫീസ് ഡിമാ ഈടാക്കിയിട്ടില്ല.

2)ലൈസൻസ് ഈടാക്കിയതിൽ കുറവ്

ഓലകെട്ടി ഫ്യൂവൽ സ്റ്റേഷൻ- വാർഡ് XIV/27-A, വീണ ഫ്യൂവൽസ് - വാർഡ് 6/ 101- പമ്പുകളിൽ നിന്ന് ലൈസൻസ് ഫീയായി 1000, 2500 രൂപയാണ് (ലഭിച്ചത്.വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും മറ്റ് സേവന ലൈസൻസ് നൽകൽ ചട്ടങ്ങളിലെ പഞ്ചായത്ത് പട്ടികII പ്രകാരം സേവനമേഖലയിൽ 2 രൂപയിൽ കൂടുതലുള്ളതും എന്നാൽ 2 കോടി രൂപയിൽ കവിയാത്തതുമായ നിക്ഷേപമുള്ളതുമായ വ്യാപാരങ്ങൾക്ക് വാർഷിക ലൈസൻസ് ഫീയായി 500 ചുമത്താവുന്നതാണ്. ഫീസ് ഈടാക്കുന്നതിൽ വലിയ കുറവ് സംഭവിച്ചിട്ടുണ്ട്. ഫീസി കുറവ് കണക്കാക്കി പരിഹരിച്ച് വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1–22 വാടക സംബന്ധമായ പൊതു അപാകതകൾ

1 വാടക തുകകൾ കൃത്യമായി പിരിച്ചെടുക്കുന്നില്ല

വാടക സംബന്ധിച്ച കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പ്രകാരം ആകെ **47850/-** രൂപ പിരി അവശേഷിക്കുന്നു**.** വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു**.**

ക്രമ നമ്പർ	കടമുറിയുടെ നമ്പർ	പേര്, അഡ്രസ്സ്	ലഭിക്കേണ്ട വാടക	ലഭിച്ച വാടക	കുടിശ്ശിക
1	മാർക്കറ്റ് ഷോപ്പിങ്ങ് റൂം നമ്പർ-04	അനിൽ അനിൽ ഭവനം, പുത്തൻ കുളങ്ങര	29976	14628	15348
2	എസ്.ജി.എസ്.വൈ റൂംനമ്പർ-3	പുഷ്പ	32952	--	32952

		സോബു നിവാസ്, പൊന്നേഴ			
	ആകെ അടിസ്ഥാന വാടക				**48300**

48300/-രൂപ വാടക ഇനത്തിൽ ലഭിക്കാനുണ്ട്. പ്രസ്തുത തുകയുടെ ജി.എസ്.ടി, എന്നിവയുൾപ്പടെയുള്ള തുക കണക്കാക്കി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/13.09.2023) ആർ. ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കി. നടപടിക്രമ തുക ഈടാക്കി വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

